DESPATCHED 27/1/23

30/12/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം


പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic.ker@nic.in


**ഹർജി നമ്പർ AP.No.782 (5)/2022/SIC**

**തീർപ്പ്കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No.7002/SIC-G7/2022**

**സന്നിഹിത**

**ശ്രീമതി. ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ഉത്തരവ് തീയതി :. 30.12.2022**

**ശ്രീ. അതുൽ സി.,**
**അഡ്വക്കേറ്റ്, റൂം നമ്പർ –6, രാജസദൻ ബിൽഡിംഗ്,**
**വെസ്റ്റ് കളക്ടറേറ്റ്, കൊല്ലം – 691013.** } **അപ്പീൽ ഹർജിക്കാരൻ**

Vs

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **ജില്ലാ വിദ്യാഭ്യാസ ഓഫീസ്, ജി.പി.ഒ. ലെയിൻ,**
   **തിരുവനന്തപുരം.**

2. **അപ്പീൽ അധികാരി ,**
   **ജില്ലാ വിദ്യാഭ്യാസ ഓഫീസ്, ജി.പി.ഒ. ലെയിൻ,**
   **തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 18.02.2022 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 04.04.2022 |
| ഒന്നാം അപ്പീൽ | 19.03.2022 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 04.03.2022 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 05.05.2022 |
| ഹിയറിംഗ് തീയതി, | 21.11.2022 |
| എതിർകക്ഷി | ഹാജരായിരുന്നു |
| അപ്പീൽവാദി | ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിരിക്കുന്ന അപ്പീലിനാധാരമായ വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ കാര്യാലയത്തിൽ എ2 സെക്ഷൻ ക്ലാർക്കായ ശ്രീമാൻ ആന്റണി സമയബന്ധിതമായി ജോലി ചെയ്യാത്തതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ഓഫീസ് നടപടി/ നിയമ നടപടി നേരിട്ടിട്ടുണ്ടോ എന്നതുമായി ബന്ധപ്പെട്ട് 7 വിവരങ്ങളായിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി തെറ്റായ മറുപടിയാണ് ലഭ്യമാക്കിയതെന്ന് ആരോപിച്ചുകൊണ്ടാണ് കമ്മീഷൻ

മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചത്. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ മുമ്പാകെ നടന്ന നേർവിചാരണയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അപ്പീൽ ഹർജിക്കാരനും ഹാജരായിരുന്നു.

2. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് തെറ്റായ മറുപടിയാണ് ലഭ്യമാക്കിയതെന്നും ആവശ്യപ്പെട്ട പകർപ്പുകൾ നൽകിയിട്ടില്ലെന്നും അഞ്ചാമത്തെ ചോദ്യത്തിൽ ശ്രീമതി കൃപയുടെ ബാക്ക് ലോഗ് അരിയർ റിക്കവറി ചെയ്യുന്നതിലേക്കായി ഓഫീസ് നടപടി ക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടോ എന്നതിന് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ലെന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ എസ്.പി.ഐ.ഒ. ടി കാലയളവിൽ സ്ഥാനം വഹിക്കുന്നുണ്ടായിരുന്നിട്ടും അപേക്ഷ കൈമാറാതെ എസ്.പി.ഐ.ഒ.യും അപ്പീൽ അധികാരിയും ഒരാളായി പദവി വഹിച്ചുകൊണ്ട് വിവരാവകാശ നിയമലംഘനം നടത്തിയെന്നും അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി.

3. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നാണ് എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്.

4. അപ്പീൽ ഹർജിയും, അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചു. അപ്പീൽ ഹർജിക്കാരൻ 18.02.2022 തീയതിയായി സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. തെറ്റായ മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. ടിയാൻ പകർപ്പുകളും വിവരങ്ങളും ആവശ്യപ്പെട്ടപ്പോൾ "ഉണ്ട്" എന്നും "ബാധകമല്ല" എന്നുമുള്ള പരസ്പരവിരുദ്ധമായ മറുപടിയാണ് അപ്പീൽ അധികാരി നൽകിയിരിക്കുന്നത്. വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി ലഭ്യമാക്കാതിരുന്നതും തെറ്റായ വിവരം ലഭ്യമാക്കിയതും എതിർകക്ഷിയുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയായി പ്രഥമദൃഷ്ട്യാ കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഇപ്രകാരം വിവരം ലഭ്യമാക്കുന്നതിൽ വീഴ്ചവരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശനിയമം വകുപ്പ് 20(1) പ്രകാരമുള്ള

ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുളളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുളള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണ ത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

5. അപ്പീൽ ഹർജിക്കാരൻ 18.02.2022 തീയതിയായി സമർപ്പിച്ച വിവരാവകാശ അപേക്ഷയിന്മേൽ ആവശ്യപ്പെട്ട വിവരം വ്യക്തവും കൃത്യവുമായി ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം ടിയാന് ലഭ്യമാക്കേണ്ടതും പ്രസ്തുത വിവരം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം 2022 ഡിസംബർ മാസം 30–ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)

**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**
/Jn